മലയാള മനോരമ
21 December 2023

# കടൽ പായലിൽ നിന്നു പ്രകൃതിദത്ത ഉൽപന്നങ്ങൾ വിപണിയിലേക്ക്

കൊച്ചി • കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കടൽ പായലിൽ നിന്നു നിർമിച്ച രണ്ട് പ്രകൃതിദത്ത ഉൽപന്നങ്ങൾ വിപണിയിലേക്ക്. വൈറസുകൾക്കെതിരെ പ്രതിരോധശേഷി വർധിപ്പിക്കാൻ സഹായിക്കുന്ന കടൽമീൻ ഇമ്യൂണോ ആൽഗിൻ എക്സ്ട്രാക്ട് എന്ന ഉൽപന്നവും രക്തത്തിലെ ഉയർന്ന അളവിലുള്ള കൊളസ്ട്രോൾ നിയന്ത്രണവിധേയമാക്കുന്ന കടൽമീൻ ആന്റി ഹൈപർ കൊളസ്ട്രോളമിക് എക്സ്ട്രാടുമാണ് വിപണിയിലെത്തുന്നത്.

പയനിയർ ഫാർമസ്യൂട്ടിക്കൽസാണ് ഉൽപന്നങ്ങൾ നിർമിച്ചു വിപണിയിലെത്തിക്കുന്നത്. സാങ്കേതികവിദ്യ കൈമാറ്റ കരാറിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും പയനിയർ ഫാർമസ്യൂട്ടിക്കൽസ് മാനേജിങ് പാർട്ണർ ജോബി ജോർജും ഒപ്പുവച്ചു.